**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1007** **07-12-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ കണ്ടൽ കാടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ കണ്ടൽ കാടുകൾ സ്ഥാപിക്കുന്നതിന് വനം വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽ കണ്ടൽക്കാടുകൾ സ്ഥാപിക്കുന്നതിനായി വനംവകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എത്ര രൂപയാണ് ചെലവഴിക്കുന്നതെന്നും ഏതൊക്കെ പ്രദേശങ്ങളിലാണ് സ്ഥാപിക്കുന്നതെന്നും വിശദമാക്കുമോ; | (ബി) | ആലപ്പുഴ മണ്ഡലത്തിൽ കണ്ടൽക്കാടുകൾ സ്ഥാപിക്കുന്നതിനായി വനംവകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | സോഷ്യൽ ഫോറസ്ട്രി മുഖേന ആലപ്പുഴ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പൂർണ്ണമായ വിവരം ലഭ്യമാക്കുമോ; | (സി) | 1. വനത്തിന് പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സൗജന്യമായി എൻ.ജി.ഒ.കൾ, വിദ്യാഭ്യാസ സ്ഥാനപങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, ധർമ്മസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ മുഖാന്തിരം നടുന്നതിനായി 13,100 വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷവും സൗജന്യ വിതരണത്തിനായി 2 ലക്ഷം തൈകൾ തയ്യാറാക്കി വരുന്നു.<br><br>2.സ്കൂളുകൾ / കോളേജുകളിൽ ചെറുവനങ്ങൾസൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിദ്യാവനം പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ നിയോജക മണ്ഡലത്തിലെ എസ്.എൻ. കോളേജിൽ 400 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. എസ്.എൻ.ട്രസ്റ്റ് എച്ച്.എസ്.എസ്, ചേർത്തലയിൽ 400 തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>3.ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാൻറിംഗിന്റെ ഭാഗമായി ആലപ്പുഴ നിയോജകമണ്ഡലത്തിലെ എസ്.എൻ.കോളേജിൽ 5000 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. അടുത്ത വർഷവും ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോരത്തണൽ |

| | | | |
|---|---|---|---|
| | | | എന്നിവയ്ക്കായി 25,000 വലിയ കൂടത്തൈകൾ തയ്യാറാക്കി വരുന്നു.<br><br>4.നഗരങ്ങളിൽ ചെറുവനങ്ങളുടെ മാതൃകയിൽ വൃക്ഷം നടുന്നതിന്റെ ഭാഗമായി നഗരവനം പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ആംഡ് പോലീസ് ക്യാമ്പിൽ 400 തൈകൾ നഗരവനം പദ്ധതി പ്രകാരം നട്ടുപരിപാലിച്ചു വരുന്നു.<br><br>5.കടൽത്തീരത്ത് ഹരിതകവചം തീർത്ത് കടലാക്രമണം തടയുന്നതിന്റെ ഭാഗമായി 2021-22 വർഷത്തിൽ ആലപ്പുഴ നിയോജക മണ്ഡലത്തിൽപ്പെടുന്ന ചെത്തി മുതൽ മാരാരിക്കുളം വരെ 28000 കാറ്റാടിത്തൈകൾ നട്ടു പരിപാലിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ ആലപ്പുഴ നിയോജക മണ്ഡലത്തിൽപ്പെടുന്ന പൊള്ളത്തൈ മുതൽ മാരാരിക്കുളം വരെ 2 ഹെക്ടർ സ്ഥലത്ത് 2000 കാറ്റാടിത്തൈകൾ നടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>6.കാവ് സംരക്ഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന കാവ് ഉടമകൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു. ടി പദ്ധതി പ്രകാരം ഈ വർഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്ന് 6 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകൾ വെരിഫിക്കേഷൻ നടത്തി അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതി ഏതൊക്കെ ഇടങ്ങളിലാണ് നടപ്പിലാക്കിയതെന്നും എത്ര തുകയാണ് ചെലവായതെന്നും ഇനം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | സോഷ്യൽ ഫോറസ്ട്രി മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിവരങ്ങൾ,നടപ്പിലാക്കിയ ഇടങ്ങൾ,ചെലവായ തുക എന്നിവ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**സോഷ്യൽ ഫോറസ്ട്രി മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിവരങ്ങൾ**

| **ക്രമ നം** | **പദ്ധതി വിവരം** | **നടപ്പാക്കിയ സ്ഥലം** | **ചെലവായ തുക** |
|---|---|---|---|
| 1 | വൃക്ഷത്തൈ വിതരണം | ആലപ്പുഴ മുനിസിപ്പാലിറ്റി, ആര്യാട്-കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പരിധികളിൽ | 3,04,444/-രൂപ |
| 2 | വിദ്യാവനം | എസ്.എൻ കോളേജ്,ചേർത്തല,<br><br>എസ്.എൻ.ട്രസ്റ്റ് എച്ച്.എസ് .എസ്,ചേർത്തല | 1,78,865/-<br><br>2,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. |
| 3 | ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് | എസ്.എൻ കോളേജ്,ചേർത്തല | 2,39,500/- |
| 4 | നഗരവനം | ആംഡ് പോലീസ് ക്യാമ്പ്, ആലപ്പുഴ | 2,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |
| 5 | തീരവനം | ചെത്തി മുതൽ മാരാരിക്കുളം വരെ<br><br>പൊള്ളത്തൈ മുതൽ മാരാരിക്കുളം വരെ | 7,55,121/-<br><br>8,42,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |